# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4304 17.12.2014-ൽ മറുപടിക്ക്

## കേരളാ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

**ചോദ്യം** **മറുപടി**

ശ്രീ. ജി. സുധാകരൻ

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴയിൽ സ്ഥിതി ചെയ്യുന്ന കേരളാ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; | (എ) | വൈറസ് രോഗങ്ങളായ ഡങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, മഞ്ഞപ്പിത്തം എന്നിവയുടെയും ബാക്ടീരിയ രോഗമായ എലിപ്പനിയുടേയും സീറോളജി ടെസ്റ്റ് നടത്തി യഥാസമയം റിപ്പോർട്ട് ചെയ്യുകയും ബന്ധപ്പെട്ട അധികാരികൾക്ക് വിവരം കൈമാറുകയും ചെയ്യുന്നു.<br>മേൽപ്പറഞ്ഞ രോഗങ്ങൾ മുൻകാലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ആലപ്പുഴ ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും Entomology Survey-യും അതിനോട് അനുബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര തുക സംസ്ഥാന സർക്കാർ നൽകിയെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക:<br>Head of Account 2210-05-105-44 (Non Plan)<br>1. 2010-2011 Rs.12,48,000<br>2. 2011-2012 Rs.14,97,000<br>3. 2012-2013 Rs.17,21,000 |

| | | | |
|---|---|---|---|
| | | | 4. 2013-2014 Rs.30,15,000<br>5. 2014-2015 Rs.23,95,000 |
| (സി) | പക്ഷിപ്പനിപോലുള്ള ജന്തുജന്യ രോഗങ്ങൾ പരത്തുന്ന വൈറസുകളെ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സജ്ജീകരണങ്ങളും ഉപകരണങ്ങളും ഇവിടെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി)<br>&<br>(ഡി) | **ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയ്ക്ക് കൈമാറുന്നതിന് മുഖ്യമന്ത്രി തലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.** |
| (ഡി) | ഈ സ്ഥാപനം മറ്റേതെങ്കിലും സ്ഥാപനങ്ങളോട്ടുകൂടി കൂട്ടിച്ചേർക്കുവാനോ മറ്റേതെങ്കിലും സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**